# ദളം 2020



## GOVT.L.V.H.S

## KADAPPA MYNAGAPPALLY

# ആശംസ



മാനുഷിക മൂല്യങ്ങളോടൊപ്പം വിവരസാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിൽ പൊതു വിദ്യാലയങ്ങൾ എന്നും മുന്നിൽ തന്നെയാണ്. അതിൻറെ ദൃഷ്ടാന്തമാണ് സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച ലിറ്റിൽകൈറ്റ്സ് .വ്യത്യസ്തവും നൂതനവുമായ നിരന്തരം പരിശീലങ്ങൾ ലഭിച്ച സാങ്കേതിക വിദ്യയിൽ അഭിരുചിയും വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികൾ ഗവ എൽ വി എച്ച് എച്ചസ്സിൻറെ അഭിമാനമാണ്. ഇവരുടെ പ്രയത്നത്തിൻറെ പൊൻ തൂവലാണ് 'ദളം **2020'** എന്ന ഡിജിറ്റൽ മാഗസിൻ. അറിവിൻറെ അത്ഭുത ലോകത്ത് മികച്ചതായി എന്നും നിലനിൽക്കാനും എല്ലാ വർഷവും ഇത്തരത്തിലുള്ള മായാജാലം സൃഷ്ട്ടിക്കാനും കഴിയട്ടെ.

എന്ന്

ആശംസയോടെ

എച്ച് എം

**സഫീനബീവി എസ് എം**

# ആശംസ

ഗവ എൽ വി എച് എസ്സിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ സർഗസൃഷ്ടികളും അവരെ നയിക്കുന്ന കൈറ് മിസ്ട്രസ്സുമാരും കടപ്പ ഗവ എൽ വി എച് എസ്സിലെ വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ കോർത്തിണക്കി തയാറാക്കിയ ഡിജിറ്റൽ മാഗസിൻ ദളം അതിന്റെ എല്ലാ നിറവോടും കൂടി പൂർണത നേടിക്കൊണ്ടിരുന്നു .കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക ലോകത്തിൽ കാലത്തിനനുസരിച്ച പ്രകടനം കാഴ്ചവെക്കുന്ന ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളും അവരെ നയിക്കുന്ന കൈറ് മിസ്ട്രസ്സുമാരും എൽ വി എച് എസ്സിന്റെ മുതൽക്കൂട്ടാണ് .സാഹിത്യത്തിന്റെയും സാങ്കേതികത്വത്തിന്റെയും സമന്വയം ദൃശ്യമാകുന്ന ഇത്തരം സൃഷ്ടികൾ സ്കൂളിന്റെ മുഖമുദ്രയാണ് .ജീവിതമൂല്യങ്ങളെ പിടിച്ചുയർത്തുന്ന ഇത്തരം സൃഷ്ടികൾ ഇനിയും എൽ വി എച് എസ്സിൽ നിന്നുമുണ്ടാകട്ടെ എന്ന ആശംസയോടെ



ആർ സിന്ധു

സീനിയർ അസിസ്റ്റന്റ്

# പൊതുവിദ്യാലയം

## മികവിന്റെ നിറവിൽ



അൺ എയ്ഡഡ് സ്കൂളുകളെ വെല്ലുവിളിക്കുന്ന ഭൗതിക സാഹചര്യങ്ങളും ഹൈടെക് വിദ്യാഭ്യാസവും പൊതു വിദ്യാലയങ്ങളെ മികവുറ്റതാക്കി. അടുത്ത കാലം വരെയുള്ള സ്വപ്ന സാക്ഷാൽക്കാരമാണ്പൊതുവിദ്യാലയങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഭാഷയും ശാസ്ത്രവും ഗണിതവും സർഗാത്മകതയും വിവരസാങ്കേതിക വിദ്യയുടെ അകമ്പടിയോടെ കൈകോർക്കുമ്പോൾ പഠനം ഉത്സവമാകുന്നു.അതുകൊണ്ടാണ് വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ പിന്തള്ളി കേരളം ഒന്നാം സ്ഥാനത്തെത്തിയത്. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ഐ റ്റി കൂട്ടായ്മ ആണ് ലിറ്റൽ കൈറ്റ്സ്. കുട്ടികളുടെ അക്ഷര ലോകത്തിലെ അക്ഷയ ഖനികൾ സാങ്കേതിക വിദ്യയുടെ അനന്ത വിഹായസ്സിൽ പാറിപ്പറന്ന ഉയരങ്ങൾ കീഴടക്കി ഡിജിറ്റൽ രൂപത്തിൽ ദളം 2020 എന്ന പേരിൽ എൽ വി എച്ച് എസ്സിലെ ലിറ്റൽ കൈറ്റ്സ് കുട്ടികളും കൈറ്റ് മിസ്ട്രസ്മാരും പുറത്തിറക്കുന്ന ഈ ദൃശ്യ വിരുന്നിലേക്ക് ഏവർക്കും സ്വാഗതം

കൃതാർത്ഥതയോടെ
കൈറ്റ് മിസ്ട്രസ് മാർ

ഫാത്തിമാബീവി സി കെ

ലീന സി ജെ

# ഉള്ളടക്കം

പ്രവേശനോത്സവം........................................................................................................10
Littlekites........................................................................................................11
ഞാൻ ഏകയായി........................................................................................................12
മുത്തശ്ശി മരത്തിന്റെ വേദന........................................................................................................14
ലിറ്റൽ കൈറ്റ്സ് പ്രവർത്തനങ്ങൾ........................................................................................................15
രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം........................................................................................................15
മുത്തശ്ശി മരത്തിന്റെ വേദന........................................................................................................6
........................................................................................................15
........................................................................................................15
WORLD PEACE AND MANKIND........................................................................................................20
പൂവിടാൻ മറന്ന ചെടി........................................................................................................21
ഫുട്ബോൾ ക്വിസ്........................................................................................................22
ശാസ്ത്രം തന്നെ ജീവിതം........................................................................................................24
ചിന്തയുടെ മുന്നിൽ........................................................................................................27
സായാഹ്ന സന്ധ്യ........................................................................................................30
മിന്നാമിനുങ്ങേ മിന്നുംമിനുങ്ങേ........................................................................................................31
........................................................................................................31
കാലത്തിന്റെ കരുനീക്കം........................................................................................................34
MULTI PURPOSE CLEANER........................................................................................................36
PRA(Plastic Removal apparatus from water resources)........................................................................................................37
EMERGENCY LAMP FROM LED TUBE........................................................................................................39
PREPARATION OF THE LED........................................................................................................39

## ഒരോർ മക്കുറിപ്പ്

### നെയ്പ്പായസം

മാധവിക്കുട്ടി



മലയാളത്തിലെ പ്രസ്ഥ കഥാകാരിയായ മാധവിക്കുട്ടിയുടെ ഹൃദയസ്പർശിയായ കഥയാണ് നെയ്പ്പായസം .ഒരു അച്ഛന്റെ ഓർമകളോടുകൂടിയാണ് ഈ കഥയുടെ ചുരുൾ അഴിയുന്നതു . ഒരു ഇടത്തരം കുടുംബത്തിലുള്ള യാഥാർഥ്യങ്ങൾ സത്യസന്ധമായി അവതരിപ്പിച്ചിരിക്കുന്നു .അച്ഛൻ 'അമ്മ ഉണ്ണി ബാലൻ എന്നിവരാണ് ഈ കഥയിലെ കഥാപാത്രങ്ങൾ .അച്ഛൻ ജോലി കഴിഞ്ഞു മടങ്ങി വന്നപ്പോൾ അമ്മയെ കാണാനില്ല .പിറകു വശത്തെ വാതിൽ തുറന്നു നോക്കിയപ്പോൾ താഴെ കിടക്കുന്നതാണ് കണ്ടത് .അച്ഛൻ കരുതി 'അമ്മ തലകറങ്ങി വീണതാകാമെന്നു ,ഇതൊന്നും അറിയാതെ കുട്ടികൾ മുറ്റത്തു കളിക്കുകയായിരുന്നു .ഒരു ടാക്സി വിളിച്ചു ഹോസ്പിറ്റലിൽ കൊണ്ട് പോയപ്പോൾ ഹൃദയാഘാതം മൂലം 'അമ്മ മറിച്ചിട്ടു ഒന്നര മണിക്കൂർ ആയെന്നു ഡോക്ടർമാർ പറഞ്ഞു ചുരുങ്ങിയ നിലയിൽ ശവദഹനവും മറ്റു കര്മങ്ങളുംകഴിച്ചു കൂട്ടിയ ശേഷമുള്ള മടങ്ങിവരവായിരുന്നു അത് .ആ ബസ് യാത്രയിൽ ആ ദിവസത്തെ കാര്യങ്ങളൊക്കെ അച്ഛൻ ഓർത്തു .തൻ ഇന്ന് ഉണർന്നത് പോലും അമ്മയുടെ  ശബ്ദം കേട്ടിട്ടാണെന്നു മനസിലായി .വേറെ ഒന്നും നടന്നതായി അച്ഛന്  അപ്പോൾ ഓർമ്മ വന്നില്ല .ഇനി കുട്ടികളെ കുളിപ്പിക്കുവാനും ഒരുക്കുവാനും ഭക്ഷണം പാകം ചെയ്യുവാനും അത് അവർക്കു പത്രങ്ങളിലാക്കി ബാഗിൽ വച്ച് കൊടുക്കുവാനും ഇനി 'അമ്മ ഇല്ലല്ലോ എന്നും  താൻ തന്നെയാണ് ഇതൊക്കെ ചെയ്യേണ്ടതെന്നും ഓർത്തപ്പോൾ അച്ഛന്റെ കണ്ണ്  നിറഞ്ഞു .എത്തിയപ്പോൾ അയാൾ കണ്ണ് തുടച്ചുവണ്ടിയിൽ നിന്നിറങ്ങി വീട്ടിലെത്തിയപ്പോൾ അവർ രണ്ടാളും ഒന്നും കഴിക്കാതെ കിടന്നുറങ്ങി ,'അമ്മ ഇതുവരെ വന്നിട്ടില്ല അച്ഛാ 'അമ്മ എപ്പോൾ വരും ?എന്നുള്ള ഉണ്ണിയുടെ ചോദ്യത്തിന് 'അമ്മ ഉടനെ വരും എന്ന മറുപടി അല്ലാതെ മറ്റൊന്നും പറയാൻഅച്ഛന് കഴിഞ്ഞില്ല .അടുക്കളയിൽ ഇരുന്ന  പാത്രങ്ങൾ തുറന്നു നോക്കിയപ്പോൾ അവർക്കു ആ ദിവസത്തേക്കു കഴിക്കാനുണ്ടാക്കിയ ഭക്ഷണത്തിന്റെ കൂടെ കുട്ടിക് ഏറ്റവും ഇഷ്ട്ടമുള്ള നെയ് പായസവും വെച്ചിരിക്കുന്നു .ഉണ്ണി നെയ് പായസം വിളമ്പി ആ കുട്ടി അത് തന്റെ 'അമ്മ ഉണ്ടാക്കിയ അവസാനത്തെ നെയ്പ്പായസമെന്നറിയാതെ അത് കുടിച്ചു രാജൻ പറഞ്ഞു ഇന്നത്തെ നെയ് പായസത്തിനു വളരെ സ്വാദുണ്ട് എന്ന് പറഞ്ഞപ്പോൾ രാജൻ ഒരിക്കൽ പോലും തോന്നിയിട്ടുണ്ടാവില്ല ഇനി 'അമ്മ ഉണ്ടാക്കിയ സ്വാദുള്ള നെയ് പായസം കഴിക്കാൻ സാധിക്കില്ല എന്ന്

ഈ കഥയിൽ ഒരമ്മയുടെ കഷ്ടപ്പാടുകൾ മനസിലാക്കാം ഓരോ അമ്മയും അവരുടെ ആരോഗ്യം മുഴുവനും കുടുംബത്തിന് വേണ്ടി ചെലവഴിക്കുന്നു .ഈ കഥയിൽ 'അമ്മ തന്റെ മരണത്തിന്റെ അസ്വസ്ഥത  മറികടന്ന് ഭക്ഷണം ഉണ്ടാക്കി എന്ത് തന്നെ  ആയാലും ഈ കഥ വായനക്കാരുടെ മനസ്സിൽ എന്നും നിലനിൽക്കും അതിനൊരു സംശയമില്ല .

**Safwan. s**

# ത്രിസന്ധ്യ



ഉദയസൂര്യൻ തൻ ചെറുമകളായ
സന്ധ്യേ ! നിന്നെ പുണരുവാൻ
രാത്രിയുടെ കാത്തിരിപ്പ്
ഈ ശോണിമയെമ്പാടും നിന്നിൽ സന്തോഷിപ്പൂ

അല്ലയോ സന്ധ്യയാകുന്ന തേജസ്സി
നിൻ പ്രഭ അഖിലമെമ്പാടും പടരുന്നു
ആർത്തുല്ലസിച്ചുവരുന്ന കുട്ടികളന്യോന്യം
നിൻ മടിത്തട്ടിൽ ശാന്തവിശ്രമം തേടുന്നു ................

മാനവർ തൻ വിശ്രമത്തിനായ്
നിന്നരികിൽ അഭയം തേടുന്നു
ദൂരെ ചക്രവാളത്തിൽ അരുണന്റെ
അസ്തമയമായി നീ വരുന്നു .................................

മനനം ചെയ്യുന്നവന്റെ സുഖദുഃഖങ്ങൾ
ഉദയാസ്തമയത്തെ ആശ്രയിക്കുന്നു
അങ്ങനെയാണെങ്കിൽ നീ
ചിലപ്പോൾ സങ്കടത്തിന്റെ പ്രതീകമായി തീരില്ലേ ?

നിൻ വധത്തിനായ് നിന്റെ
അന്തകനായ രാവിന്റെ
എഴുന്നള്ളിപ്പ് തുടരുകയാണ്
അപ്രകാരം നീ നിന്റെ ഗൃഹത്തിലേക്ക് പോവുക ............

"കാരണം അടുത്ത അസ്തമയത്തിലും

നീരജ് . കെ (VIII E)

# കേരളവും കേരളജനതയും



പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ ഞെരുങ്ങി നീണ്ടു കിടക്കുന്നതാണ് നമ്മുടെ കേരളം .കേരകൾ തിങ്ങുന്ന ഈ നാടിനെ ഇന്ന് വെള്ളം മുക്കി കളഞ്ഞിരിക്കുകയാണ് സ്ത്രീകൾക് എതിരെയുള്ള ആക്രമണങ്ങൾ വർധിച്ചു വരുന്നതിനൊപ്പം സ്ത്രീ അവളുടെ മൂല്യങ്ങൾ മറക്കുന്നു .വെള്ളം കയറി ഇറങ്ങിയപ്പോൾ അതിനൊപ്പം അനേകം മനസുകളും നൊന്തു

1924 ലെ വെള്ളപ്പൊക്കത്തിന് ശേഷം കേരളം കണ്ട ഏറ്റവും വലിയ വെള്ളപൊക്കമാണ് ഇപ്പോൾ കഴിഞ്ഞത് .മഴക്കൊപ്പം തനെ സർക്കാരിന്റെ അനാസ്ഥകളും ജനങ്ങളെ വലച്ചു .കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി എല്ലാ ഡാമുകളും തുറന്നു കിടന്നു പുഴകൾ ഗതിമാറിയൊഴുകി .പ്റതിറ്റാണ്ടുകൾക്കുശേഷം ഭാരത പുഴ നിറഞ്ഞുകവിഞ്ഞു .മലമ്പ്രദേശത്ത് അനേകം ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായി .എന്നാൽ ഇതിനൊക്കെ ശേഷം വെള്ളം നിന്ന മണ്ണ് വരെ വിണ്ടു കീറാൻ തുടങ്ങി മണ്ണിരകൾ ചത്തു മലച്ചു .ഭൂമി പിളർന്നു മാറുന്നു .കേരളത്തിന്റെ ഭൂപ്രകൃതിക് തനെ വലിയ മാറ്റ മുണ്ടായി ഡാമുകളിൽ അനധികൃതമായി വളർത്തിയിരുന്ന മത്സ്യങ്ങൾ ഡാമുകൾ തുറന് വിട്ടതോടെ കുടി നമ്മുടെ പുഴകളിൽ അധിനിവേശം തുടങ്ങി .നമ്മുടെ നാടൻ മത്സ്യങ്ങളുടെ വംശം തന്നെ ഒരുപക്ഷെ ഇല്ലാതാകും .മഴയെ തടയാൻ ആർക്കും കഴിയില്ല ,എന്നാൽ അനധികൃത അധിനിവേഷം കുറക്കാൻ നമ്മളെ കൊണ്ട് സാദിക്കും .മലകളെ പുഴകളെയും അവരുടെ വഴിക്ക് വിടുക മലകൽതുറന്നു കെട്ടിടവും മറ്റും ഉണ്ടാകാതിരിക്കുക പുഴയിലെ ജലത്തിന്റെ ഒഴുക്കിനെത്തടഞ്ഞ് ഡാമുകളും മറ്റും ഉണ്ടാകാതിരിക്കുക

# പ്രവേശനോത്സവം


അക്കാദമിക മികവ്, വിദ്യാലയ മികവ്
പൊതുവിദ്യാഭ്യാസ വകുപ്പ്
സമഗ്ര ശിക്ഷാ, കേരളം
ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ
സ്കൂൾ
പ്രവേശനോത്സവം
2019-20
2019 ജൂൺ 6





# Littlekites



# ഞാൻ ഏകയായി

ചുറ്റും ഇരുട്ട് !.എനിക്ക് പേടിയാകുന്നു .എന്റെ അച്ഛനും അമ്മയും എന്നെ മനസ്സിലാക്കാൻ കഴിയുന്നില്ലല്ലോ .ഇല്ലാ ....അവർക്ക് എന്നെ ഒരിക്കലും മനസിലാക്കാൻ കഴിയില്ല . അവരുടെ മനസ്സിൽ ഞാനാണ് തെറ്റുകാരി .എല്ലാം എന്റെ വിധിയാണ് . .ഞാൻ എത്ര സന്തോഷവതിയായിരുന്നു വീട്ടിൽ..എന്റെപേര് അഞ്ജന .എന്റെ അമ്മയുടെ പേര് ഹേമ ,അച്ഛന്റെ പേര് ശിവകുമാർ.എനിക്ക് ഒരു കുഞ്ഞനുജത്തി കൂടിയുണ്ടായിരുന്നു .അവളുടെ പേര് ആദിത്യ .ഞങ്ങൾ നാലുപേരടങ്ങുന്ന ഒരു കൊച്ചു കുടുംബമാണ് എന്റേത്. പതിവില്ലാതെ ഞാനും എന്റെ അനുജത്തിയും കൂടി പിണങ്ങി .ഒരാഴ്ചയോളം അത് നീണ്ടുനിന്നു .ഒരു ദിവസം അമ്മയും അച്ഛനും കൂടി ഒരു കല്യാണത്തിന് പോയി .അന്ന് ഞാൻ തന്നെ മുൻകൈ എടുത്തു അവളെക്കൊണ്ട് മിണ്ടിപ്പിച്ചു . പിന്നെ ഞങ്ങൾ രണ്ടുപേരും കൂടി ഒളിച്ചു കളി കളിച്ചു .കളിക്കിടയിൽ അവൾ മുകളിൽ ഒരു മൂലയിൽ ഇരിക്കുന്നത് ഞാൻ കണ്ടു .ഞാൻ മിണ്ടാതെ പിറകിൽ ചെന്ന് അവളുടെ പുറത്തു തൊട്ടപ്പോഴേക്കും അവൾ പേടിച്ചു താഴെ വീണു .ഞാൻ പെട്ടന്നു ഇടിവെട്ടേറ്റതു പോലെയായി .ഞാൻ ഞെട്ടിത്തരിച്ചു അനക്കമില്ലാത്തതു പോലെയായി .പിന്നെ എന്തോ ഒന്ന് ഓർമ്മവന്നപ്പോൾ താഴേക്കു ഓടി. .അപ്പോൾ അവളുടെ തലയിൽ നിന്ന് നന്നായി ചോര ഒഴുകുന്നുണ്ടായിരുന്നു .ഞാൻ അവളെ പൊക്കിയെടുത്തു അകത്തു കിടത്തി .അവൾക്കു ശ്വാസം ഉണ്ടായിരുന്നു .ഞാൻ മുഖത്ത് വെള്ളം കൊണ്ടൊഴിച്ചു. പുറത്താണെങ്കിൽ നല്ല മഴ. പകലാണെങ്കിലും നല്ല ഇരുട്ട് .അവൾ ഇതുവരെ കണ്ണ് തുറന്നില്ല . പിന്നെയാണ് അറിഞ്ഞത് അവൾക്കു അനക്കമില്ല എന്ന് .ഞാൻ ഫോണെടുത്തു അച്ഛനെയും അമ്മയെയും മാറിമാറി വിളിക്കുന്നുണ്ടായിരുന്നു .അവർ ഫോൺ എടുക്കുന്നില്ല .അപ്പോഴേക്കും മഴ

നന്നായി ഉറച്ചിരുന്നു. എനിക്ക് നന്നായി പേടിവരുന്നുണ്ടായിരുന്നു .പുറത്തു ഒരു വണ്ടിയുടെ ശബ്ദം കേട്ടപ്പോഴേക്കും ഞാൻ ഓടിച്ചെന്നു വാതിൽ തുറന്നു .അച്ഛനും അമ്മയും ആയിരുന്നു .ഞാൻ കാര്യങ്ങളെല്ലാം പറഞ്ഞു .അപ്പോളമ്മ അവളുടെ അടുത്തേക്ക് ഓടി ....... അവൾ പോയിട്ട് ഇപ്പോൾ ഒരാഴ്ചയായി  അച്ഛനും അമ്മയ്ക്കും മറ്റു ബന്ധുക്കൾക്കും എല്ലാം എന്നോട് എന്തോ വെറുപ്പുപോലെ .ഒരു ദിവസം ഞാൻ അമ്മയോട് ഇത്  ചോദിച്ചു. അപ്പോഴാണ് എനിക്ക് മനസിലായത് ഇവരുടെയെല്ലാം മനസ്സിൽ ഞാനാണ് അവളെ കൊന്നത് എന്ന തെറ്റിദ്ധാരണ ഉണ്ടെന്ന് .അവൾ  മരിച്ചു പതിനൊന്നാം ദിവസം എന്നെ പോലീസ് കൊണ്ടുപോയി.അപ്പോഴു എന്റെ അമ്മയും അച്ഛനും നോക്കി നിൽക്കുകയായിരുന്നു .

എനിക്ക് അതെ പറ്റി ഓർക്കാൻ പോലും വയ്യ .ഞാനൊറ്റയ്ക്കിരുന്നു ഭ്രാന്തിയായിപ്പോകും .എന്റെ ആദിയുടെ ഓർമ്മ എന്നെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ് .ഒരു ഭ്രാന്തിയെപ്പോലെ ഞാൻ അലറുകയായിരുന്നു എന്റെ വിധിപോലെ മറ്റൊരാൾക്കും ഉണ്ടാകാതിരിക്കട്ടെ

**തസ്നി .ആർ**



# മുത്തശ്ശി മരത്തിന്റെ വേദന

ഈ പ്രകൃതിയാകുന്ന മരത്തിനെ കാണാൻ എന്തുരസം
കാലങ്ങളെത്രയും കഴിഞ്ഞു പോകുമ്പോഴും
കൊള്ളരുതാഴിമകൾ കൂടിയപ്പോൾ
മരത്തിന്റെ കാമ്പുകൾ കൊഴിഞ്ഞിടുമ്പോഴും
വേദനയോടെ നിന്ന മരം .



മുത്തശ്ശിയായെന്ന തോന്നലെന്നെ
നാണക്കേടുണ്ടാക്കിയെന്നപോലെ
ജീവിച്ചിരിക്കുവാൻ കഴിയാത്തയെന്നെ
കളിയാക്കിച്ചിരിക്കുവാൻ അവർക്കുതോന്നിയല്ലോ
ഇത്രമേൽ അനുഭവമാത്രമേൽ ഉണ്ടാകുമെന്നവർക്ക് അറിയില്ലലോ

എന്റെ ഇലകൾ കൊഴിയുവാൻ തുടങ്ങുന്നു
എന്റെ കമ്പുകളുണങ്ങാൻ തുടങ്ങുന്നു
എന്റെ രോദനമോർക്കുമ്പോൾ
അവർക്കെല്ലാംഎന്തൊരു ഭാഗ്യം
എന്റെ വേദനകാണവാൻ ആരുമില്ലെന്നോർത്തു
വേദനയോടെ ഞാൻ യാത്രയാകുന്നു .

അടുത്തകാലത്തു ഞാനെത്തുമെന്നവിശ്വാസത്തോടെ
ഞാൻ പോവുകയാണ് ഒരു നല്ല ലോകത്തേക്ക്
ഞാൻ പോവുകയാണ് ഒരു നല്ല ലോകത്തേക്ക്

അനന്തിത

VII B

# ലിറ്റൽ കൈറ്റ്സ് പ്രവർത്തനങ്ങൾ

## രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം









# ROUTINE CLASS





# സ്മാർട്ടമ്മ പരിശീലനം








# DIGITAL POOKKALAM








# DIGITAL PAINTING











# WORLD PEACE AND MANKIND

"Man is the roof and crown of all emotion" said *Tennyson* in the last century. But man is like a cat on a hot tent roof today. He is frantically seeking same kind of peace in this century. How far a man responsible for the making and destroying of his own peace in the world at large.

We are the live in the most crucial years of history today. It is the time to access our assets. What made homosapins
turn to homomorphous?

The story of primitive man tells us of his progressive march towards a non-violent attitude. If he ate man then; it was for biological existence. Later on he engaged in agriculture. He began to lead a settled life which symbolized his emotion unity. It on the basis of this empty that he built the structure of modern civilization. That was what Aristotle meant when he said that a man who does not belong to the society is either a beast or God

Devika. B
X D



# പൂവിടാൻ മറന്ന ചെടി



പുലരിയിൽ ഒരു ഗ്രീഷ്മബാഷ്പ
മിന്നെൻ കവിളിൽ തലോടി തഴുകിയോ
ആദിത്യ നീയെന്നെ കൺ ചിമ്മി ഉണർത്തിയോ
ഒരു കുഞ്ഞു മുകുളം എന്നുള്ളിൽ ജനിക്കുമോ ?
എൻ നാഥനും എന്നെ മറന്നുവോ
ഒറ്റക്കായ ജീവിതം ഇന്നെന്നെ തളർത്തിയോ
എന്നേ മറന്നു ഞാൻ ഒരു കുഞ്ഞു പൂവിടാൻ
ഒരു കുഞ്ഞു പൂവിടാതെ ഞാനിന്ന് മരിച്ചുവോ ?
ഇനി ഞാൻ ഈ മണ്ണിൽ വേരുകൾ ഇറക്കണോ
എന്നേ മറന്നു ഞാൻ ഒരു പുഞ്ചിരി തൂകുവാൻ
ഒരു കുഞ്ഞു കാറ്റ് തളർന്നെന്ന് കണ്ണീർ പൊഴിച്ചുവോ
ആ ബാഷ്പവും ഇന്നെൻ ധരിത്രിക്ക് സ്വന്തമോ
എന്നേ മറന്നു ഞാൻ ഒരു കുഞ്ഞു പൂവിടാൻ
എന്നേ മറന്നു  നീ ഒരു കുഞ്ഞു പൂ തരാൻ

മുഹമ്മെദ് മുസമ്മിൽ

**(IX D)**

## ഫുട്ബോൾ ക്വിസ്




1.കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾടീമിന്റെ ക്യാപ്റ്റൻ?

ബർത്തലോമിയോ ഓഗ്ബചേ

2.2018-ലെ ഗോൾഡൻ ബൂട്ട് വിന്നർ?

ഹെറാൻ കോറോ മിനാസ്

3.2019 ബാലൻ ഡി ഓർ അവാർഡ് വിന്നർ?

ലയണൽ മെസ്സി

4. 2010 ഫിഫ ലോകകപ്പ് ജേതാക്കൾ ആര്?

സ്പെയിൻ

5.ഗോൾഫ് കളിക്കുന്ന സ്ഥലത്തിനു പറയുന്ന പേര്?

ലിങ്ക്സ്

6.2013 -ലെ സാഫ് കപ്പ് ഫുട്ബോൾ വിജയി?

അഫ്ഗാനിസ്ഥാൻ

7.ലോകപ്രശസ്ത ഫുട്ബോളർ പെലെയുടെ യഥാർത്ഥ നാമം എന്താണ്?

എഡിസൺ അറാന്റിസ് ഡി  നാസിമെന്റോ

8.പ്രശസ്തമായ മാരക്കാന ഫുട്ബോൾ സ്റ്റേഡിയം ഏത്

രാജ്യത്ത് സ്ഥിതിചെയ്യുന്നു?

ബ്രസീൽ

9.ആദ്യ ഫുട്ബോൾ ലോകകപ്പ് നടന്ന വർഷം?

1930

10.ഫിഫയുടെ ആസ്ഥാനം?

സൂറിച്ച്

മുഹമ്മദ് കൈസ്

**IX B**

# ശാസ്ത്രം തന്നെ ജീവിതം

എബ്രഹാം ലിങ്കനെ നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ .അമേരിക്കയുടെ വളരെ അറിയപ്പെട്ട നേതാവായിരുന്നു അദ്ദേഹം .ഇത്രയേറെ ലോക പ്രസിദ്ധനായിട്ടും അദ്ദേഹത്തിന്റെ മരണവിവരം ലോകം അറിഞ്ഞത് എത്രയോ ദിവസങ്ങൾ കഴിഞ്ഞിട്ടാണ് .അമേരിക്ക ഈ വിവരംമറച്ചുവച്ചതായിരുന്നില്ല ,മറിച്ച് അന്നത്തെ കാലത്ത് ഇന്നത്തേതുപോലെയുള്ള വാർത്താവിനിമയ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. എന്നാലിന്ന് ശാസ്ത്രം വളരെയധികം പുരോഗമിച്ചിരിക്കുന്നു .ഇന്ന് വാർത്താവിനിമയത്തിനു ഒരുപാടു ഉപാധികൾ മറ്റും നമ്മൾ ഉപയോഗിക്കാറുണ്ട് .ഇവ ശാസ്ത്രരംഗത്തെ പുരോഗതിക്കു ഉദാഹരണമാണ് .കൂർപ്പിച്ച കല്ലുകൾ ഉപയോഗിച്ചും കൂർപ്പിച്ച മരക്കൊമ്പുകൾ ഉപയോഗിച്ചും ആയുധങ്ങൾ കണ്ടുപിടിച്ച പ്രാചീന ആളുകൾ തന്നെയാണ് ആദ്യ ശാസ്ത്രസജ്ഞർ. പല അനുഭവങ്ങളിലൂടെയും ,മറ്റും കിട്ടിയ അറിവുകൾ കൂടിച്ചേർത്തും ,ഒന്നിനുമുകളിൽ ഒന്ന് വെച്ച് നീട്ടിയും അവ മെച്ച പ്പെടുത്തിയും അതോടൊപ്പം പുതിയ പുതിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളായും മറ്റു നിരവധി ശാസ്ത്രജ്ഞന്മാർ ഊണും ഉറക്കവും ഇല്ലാതെ കണ്ടുപിടിച്ചവായനു ഇന്ന് നാം അനുഭവിക്കുന്ന പലതും . അവരിലൂടെ ഒഴുകി ശാസ്ത്രം ഇന്ന് കടല് പോലെ വ്യാപിച്ചിരിക്കുന്നു .ശാസ്ത്രം നമ്മുടെ ജീവിതം തന്നെയാണ് ജീവിതത്തിന്റെ അടിസ്ഥാനം ശാസ്ത്രവും . ശാസ്ത്രം നമ്മുടെ ജീവിതത്തിൽ നിന്നും വേറിട്ട ഒന്നല്ല അത് മസ്സിലാക്കുന്നവർ ആണ് .നാളെയുടെ ശാസ്ത്രജ്ഞർ .

"നിർബന്ധിച്ചാൽ അന്ധവിശ്വാസങ്ങൾ ഒന്നും മാറില്ല .പക്ഷെ ശാസ്ത്രബോധം വളർത്തുന്ന വിദ്യാഭ്യാസം വേണം .സമൂഹത്തിൽ തുറന്ന ചർച്ചകൾ നടക്കണം ."ഈ വാക്കുകൾ ശാസ്ത്രരംഗത്തെ മാലാഖയും നാഴികക്കല്ലുമായ മേരി ക്യൂറിയയുടേതാണ് .ഇവരുടെ മഹത്വം ലോകം അംഗീകരിച്ചെങ്കിലും ഫ്രഞ്ച് ഗവണ്മെന്റ് അംഗീകരിച്ചത് അവരുടെ മരണ ശേഷമാണ് .റേഡിയേഷൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞയായ ഇവർ റേഡിയേഷനെതുടർന്നു മരണപെട്ടു . ഇത്തരത്തിൽ ശാസ്ത്രപുരോഗതിക്കു ഉദാഹരണമാണ് പ്രാചീന  ശിലായുഗത്തിൽതുടങ്ങി ഇന്നിത്രയും ഉയർന്നുനിൽക്കുന്ന ആയുധങ്ങളും മറ്റും . ചുരുക്കിപ്പറഞ്ഞാൽ ശാസ്ത്രം മനുഷ്യ ജീവിതത്തിൽ വളരെയധികം സ്വാതീനം ചെലുത്തുന്നുണ്ട് .എങ്കിൽ നമുക്ക് ഒരുമിച്ചുപറയാം ശാസ്ത്രം തന്നെ ജീവിതം.

**ഉണ്ണിമായ എം ആർ**



# ഗണിത ശാസ്ത്രത്തിന് ഒരു ദിനം

**ആധുനികഭാരതത്തിലെ പ്രശസ്തനായ കനത്ത ശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22 രാമാനുജന്റെ 125ാംഭാരതത്തിൽജന്മദിനമായിരുന്നു. അതിനുശേഷം ഡിസംബർ 22 ദേശിയ ഗണിതഗണിത ശാസ്ത്ര ദിനമായി ആഘോഷിച്ച വരുന്നു**

**തമിഴ്നാട്ടിലെ ഈറോഡ് എന്ന സ്ഥലത്താണ് രാമാനുജൻ ജനിച്ചത് . സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ ഗണിതത്തിൽ അസാമാന്യ കഴിവ് പ്രകടിപ്പിച്ചിരുന്നു .1729 എന്ന സംഖ്യ രാമാനുജൻ സംഖ്യ എന്നാണ് അറിയപ്പെടുന്നത് .13 ന്റെ ഗുണിതമായ ഈ സംഖ്യ അശുഭാകരമായതിനാലാണി ഈ നമ്പർ ഉള്ള വണ്ടിയിൽ താൻ വന്നത് മൂലം രാമാനുജൻ രോഗം ബാധിച്ച കിടക്കുന്നതു കാണേണ്ടി വന്നതെന്ന് ഹാർഡ്‌ലി പറഞ്ഞു ,എന്നാൽ അത് ശരിയല്ലെന്നും 1729 വളരെ പ്രത്യേകത ഉള്ള സംഖ്യ ആണെന്നും പറഞ്ഞു .1920 ൽ അദ്ദേഹം മരണപ്പെട്ടു.**

**അഭിയ ബേബി**

**IXD**



# ചിന്തയുടെ മുന്നിൽ



പ്രകൃതി കനിഞ്ഞ സൗഭാഗ്യത്തിൽ
വിലസിടുന്നീ മനുഷ്യർ
നിത്യതയോടെ പ്രകൃതി ഏറ്റുവാങ്ങുന്നു
മനുഷ്യർ തൻ ക്രൂരതകൾ

വ്യത്യാസം കൊണ്ട് ജീവിക്കുന്നതീ
ഭൂമിയുടെ ശത്രുക്കൾ മാത്രം
ഒരുമയില്ലാത്ത ഉറ്റ ഭൂമിയിൽ
നാശം വിതച്ചതീ പ്രകൃതി
പ്രളയമായ് ഭവിച്ചതി പ്രകൃതി യിൽ

നാശ നഷ്ടത്താൽ ഉലയുന്ന
മനുഷ്യർ സഹനശക്തിയോടെ
കോർക്കുമീ കൈകൾ
പ്രളയമീ തരുന്നതായി
ഒത്തൊരുമ്മ സാന്നിധ്യം

മനുഷ്യരീ കൊഴിഞ്ഞ ഇലകൾ പോലെ
വാടി വീഴുമീ പ്രക്രുതിയിൽ
പ്രകൃതി ശബ്ദം ഉയർത്തുന്നതീ
പ്രളയം പോലെ ദുരന്തങ്ങൾ
വ്യത്യാസമില്ലാതീ പ്രകൃതി യിൽ വിലസിടും
നേർത്ത ഇലപോലെ
കൊഴിയുകയില്ല ഈ ഇലകൾ

ഫർഹാന

## VII B

സമ്പാദ്യം നെഞ്ചോട് ചേർക്കാനല്ല

രാജാവാണെന്ന് കരുതിയാലും
രാജ്ഞിയാണെന്ന് നടിച്ചാലും
സമ്പദ്യങ്ങളെല്ലാം പെട്ടിയിലൊരുക്കി
വെച്ചാലെന്ത് ഫലമാണ്

വമ്പ് നടിച്ചാലും ആർഭാഢം ചെയ്താലും
ഒരു നാലിതെല്ലാം കൊഴിഞ്ഞുപോകും

പണമെല്ലാം കൂട്ടി നെഞ്ചോട്ടു ചേർക്കാതെ
അതിലീന്ന് ഭാഗം സമ്പാദ്യം
ദാനം ചെയ്താൽ അതിനുള്ള പുണ്യം നമുക്കകിട്ടും

എത്ര സ്വത്തുക്കളുണ്ടെക്കിലും
എത്ര സമ്പത്തുണ്ടങ്കിലും
ഒരു നാൾ ഇതെല്ലാം കൊഴിഞ്ഞുപോകും

ആലിയ .എൻ
VII B

# G K

## 1 ക്വിക്ക് സിൽവർ എന്ന് അറിയപ്പെടുന്ന ലോഹം ഏതു ?

**രസം**

## 2. രാസ സൂര്യൻ എന്ന് അറിയപ്പെടുന്ന ലോഹം ഏതു ?

മഗ്നീഷ്യം

3.മഴവിൽ ലോഹം എന്ന് അറിയപ്പെടുന്നത്?

ഇറിഡിയം

4.ഭാവിയുടെ ലോഹം എന്ന് അറിയപ്പെടുന്നത് ?

ടൈറ്റാനിയം

5.താപത്തെ ഏറ്റവും നന്നായി കടത്തിവിടുന്ന ലോഹം ?

വെള്ളി

6.വിറ്റാമിൻ ബി _ 12 അടങ്ങിയിരിക്കുന്ന ലോഹം?

കൊബാൾട്

7.സസ്യങ്ങളുടെ ഇലകളിലെ ഹരിതകത്തിൽ അടങ്ങിയിരിക്കുന്ന ലോഹം?

മാഗ്നീസ്യം

8.ഏറ്റവും കൂടുതൽ അടിച്ചുപരത്താൻ കഴിയുന്ന ലോഹം?

ഗോൾഡ്

9. ലോഹങ്ങളുടെ രാജാവ് എന്ന് അറിയപ്പെടുന്ന ലോഹം ?

സ്വർണ്ണം

10.മനുഷ്യൻ ആദ്യമായി ഉപയോഗിച്ച ലോഹം ?

ചെമ്പ്

അമൽജിത്ത

IXD

## സായാഹ്ന സന്ധ്യ



പ്രഭാതംശമല്ല നട്ടുച്ചയല്ല
കോച്ചിപ്പിടിക്കുന്ന മഞ്ഞില്ല
വെയിലില്ല ......
ഉന്മാദമില്ല .,ശബ്ദാഘോഷങ്ങളില്ല

ചുവന്ന പപ്പടവട്ടം
ശാന്തിതൻ  അലകളിൽ
സിന്ദൂരം ചാലിച്ച ആകാശ ബിംബത്തെ
പനിനീർപൂവുകൾ ഒറ്റുനോക്കുന്നു
കാട്ടുചോലകൾ ഈണം പകരുന്നു

ഊരുചുറ്റി വന്നകിളികൾ
തൻ കൂടണയുന്നു .......

അറുപതിനു വക്കത്തു നിൽക്കുന്ന
കിളവിതൻ പല്ലുകൊഴിന്ന മോണകൾ
രാമനാമം ജപിച്ചിടുന്നു .....
ഭക്തി നിറയുന്നു ........

ഗ്രാമവീഥികൾ അരണ്ട പ്രകാശത്താൽ
സ്ഫുരിക്കുന്നു .....
നേർത്ത പ്രകാശം ഇരുട്ടിലേയ്ക്കുടുക്കുന്നു .
സായാഹ്നസന്ധ്യയും നാളെ തൻ
ശുഭപ്രതീക്ഷയിൽ

**ഏകം ........**

**ആർദ്ര  സോമൻ**

I X C

## മിന്നാമിനുങ്ങേ    മിന്നുംമിനുങ്ങേ

മിനുമിനുങ്ങേ -മിന്നും മിന്നാമിനുങ്ങേ എന്നി ഗാനങ്ങൾ മലയാളി മനസ്സിന്റെ മായാത്ത ചെപ്പിൽ കത്ത് സൂക്ഷിക്കുന്ന മധുര മനോഹര സുന്ദരഗാനങ്ങളാണ് . എന്നാൽ ഈ മിന്നാമിനുങ്ങിനും ചിലതു പറയുവാനുണ്ട് .ഇവർ ഇരുട്ടിനോട് പോരാടുന്ന പ്രകാശത്തിന്റെ ജീവകണികകളാണ് .അന്ധകാരം കനക്കുമ്പോഴും ഇവ തങ്ങളുടെ ഇടങ്ങളെ ഇരുട്ടിനു വിട്ടുകൊടുക്കാതെ സഞ്ചരിക്കുന്ന സഞ്ചരിക്കുന്ന നിലാവിന്റെ പ്രശാന്തത[പ്രശാന്തതപോലെ യാത്ര തുടരുന്നു . സ്നേഹഗായകനായ കുമാരനാശാൻ മിന്നാമിനുങ്ങ് എന്നൊരു കവിത എഴുതി .ഇരുട്ടിനെ കീറിക്കളയുന്ന വജ്രസൂചിപോലെ വെളിച്ചം കൊണ്ട് ചിത്രം വരയ്ക്കുന്ന മിന്നാമിനുങ്ങിനോട് നിന്നെ പ്രകാശിപ്പിക്കുന്ന ശരീരത്തിലെ ലാവണ്യരൂപമെന്താണെന്നു കവി ചോദിക്കുന്നു .മിന്നൽ പിണറിന്റെ സ്ഫുലിംഗം ആണ് നക്ഷത്രങ്ങൾ തമ്മിൽ ഉരസി ഉണ്ടായ വെളിച്ചത്തിന്റെ കണികകളാണ് എന്ന ചോദ്യം ഉയർത്തുന്നു .മിന്നാമിനുങ്ങിന്റെ കവി പൊതുസമൂഹത്തിനു പകർന്നുനൽകുന്ന ."മിന്നാമിനുങ്ങ് എന്ന ചെറു കനൽ ഒന്നിനെയും ചുട്ടു നശിപ്പിക്കാതെ പ്രഭാകണികകളാണ് .ഒരേസമയം ഇരുട്ടിനെ സമയത്തു മഴയത്തു കെട്ടുപോകാത്തതുമാണ് .മിന്നാമിനുങ്ങുകൾ പറഞ്ഞുതരുന്ന ഒരു നല്ല പാഠമുണ്ട് .അതിൽ ഒരു വിദ്യാഭ്യാസ ചിന്തയുമുണ്ട് . വിദ്യാഭ്യാസം എന്നത് ഇരുട്ടിനു സ്തുതിപാടുന്നവരെ ഒരുക്കിയെടുക്കുന്ന പ്രക്രിയ അല്ല .അന്ധകാരത്തെ മുറിച്ചുമാറ്റുന്ന വജ്രസൂചികളാവാനാണ് ഒരു വിദ്യാർത്ഥി വിദ്യ നേടേണ്ടത് .ബ്രിഹദാരണ്യ ഉപനിഷത്തിലെ "തമസോമാ ജ്യോതിർഗമയ എന്ന ആർഷ മന്ത്രം നൽകുന്ന സന്ദേശവും ഇതാണ്.ഒന്നിനെയും ചുട്ടു നശിപ്പിക്കാത്ത മിന്നാമിനുങ്ങിനെ മാതൃകയാക്കുകയും പഠനശാലകളെ കകലാപശാലകളാക്കി സാംസകാരിക അപചയത്തിന്റെ അടിമകളാക്കി മാറ്റാതെ നന്മയുടെ വെളിച്ചം വിതറുന്ന മൺചിരാതുകളായി നാം മുന്നേറണം ."കെടുന്നുമില്ലി മഴയത്തു പോലുമേ"എന്ന വരികൾ ശ്രദ്ധേയം .ജീവിതത്തിന്റെ വഴിത്താരയിൽ പ്രതിസന്ധികളുടെ പേമാരികൾ പെയ്തിറങ്ങുമ്പോൾ കെട്ടുപോകുന്ന വെളിച്ചമാകരുതു നാം നേരിടുന്ന അറിവിന്റെ പ്രകാശം പ്രതിസന്ധികളെ

അഭിമുഖീകരിക്കുവാനും പ്രതിബദ്ധതയുള്ള സമൂഹത്തെ വാർത്തെടുക്കുവാനും ശക്തി പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസ സമ്പ്രദായതിനു മാത്രമേ എന്നും നിലനിൽക്കുന്ന സ്ഥായി ഭാവം ഉണ്ടാവുകയുള്ളു .സമൂഹത്തിലെ സ്പന്ദനങ്ങളെ ആവാഹിച്ചുകൊണ്ടു ഒരു വിദ്യാർത്ഥി യാത്ര തുടരണം .കുഞ്ഞുണ്ണി മാഷ് പറയുന്നത് പോലെ എനിക്കുണ്ടൊരു ലോകം നിനക്കുണ്ടൊരു ലോകം നമുക്കില്ലൊരു ലോകം എന്ന അവസ്ഥയിൽ സഞ്ചരിച്ച ഫുൾ എ പ്ലസ് നേടിയാലും ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങു വെട്ടം സമൂഹത്തിനു നൽകുവാൻ അവർക്കു കഴിയില്ല .പ്രരോദനം എന്ന കവിതയിൽ അനന്തവിഹായസ്സിലെ നക്ഷത്രങ്ങളെ നോക്കി മഹത്വത്തിലേക്കു ഉയരാനുള്ള പ്രതീക്ഷകളുടെ 'സുന്ദരസ്വപ്നങ്ങളുടെ സാക്ഷാത്കാരത്തെ കുറിച്ച് കവി പറയുന്നു .അങ്ങനെ ഉയർന്നു പൊങ്ങുമ്പോൾ പ്രതിസന്ധികളുടെയും പ്രലോഭനങ്ങളുടെയും പെയ്ത്തു ഉണ്ടാവുന്നത് സ്വാഭാവികമാണ് .മിന്നാമിനുങ്ങിന്റെ ചിറകുകൾ ദുർബലമാണ് .പ്രയാണ വേളയിൽ രാപ്പക്ഷികൾ അതിനെ തിന്നു കളയുമോ എന്ന ഉൾഭയം കവി പങ്കുവയ്ക്കുന്നു .കഞ്ചാവും മദ്യവും മയക്കുമരുന്നും ക്വട്ടേഷൻ സങ്കവും സെക്സ് റാക്കറ്റും മതവർഗീയ ഭ്രാന്തന്മാരും ആധുനിക രാപ്പക്ഷികളുടെ പ്രതീകങ്ങളാണ് .കടമ്മനിട്ട പറയുന്നത് പോലെ കണ്ണുവേണംഇരുപുറമെപ്പൊഴും കണ്ണുവേണം മുകളിലും താഴെയും കണ്ണിലെപ്പോഴും കത്തി ജ്വലിക്കുന്ന ഉൾക്കണ്ണു വേണം അണയാത്ത കണ്ണ് .വിദ്യാർത്ഥി സമൂഹത്തെ ജാഗ്രതയോടെ വളർത്തുക .രക്ഷിതാക്കളും അദ്ധ്യാപകരും പൊതുസമൂഹവും വളരെയേറെ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു .നന്മ ഭാവിക്കായി ................

ററി കെ ജി തരകൻ

ഭാഷാ അദ്ധ്യാപകൻ

എച് എസ് വിഭാഗം



# THE MODERNIZATION OF EDUCATION .

The impact of modernization can be seen in schools. the modern day schools are fully equipped with technically sound devices
That help children develop their expertise in a more lucid manner. effective facilities provide barrier-free access for individuals with disabilities, are free from health and environmental hazards, offer adequate space for students and teachers, and are equipped with appropriate technology for classroom and instructional use.
the diffusion of scientific and technical knowledge by modern educational institutions can help in the creation of skilled manpower to play the occupational roles demanded by industrial economy. other values like individualism and universalistic ethics can also be inculcated through education. thus, education can be an important means of modernization.



HIBA RAHIM
VIII A

# കാലത്തിന്റെ കരുനീക്കം

അയാൾ നടന്നുകൊണ്ടേയിരുന്നു .എവിടേക്കാണെന്നറിയാതെ .ജീവിതത്തിന്റെ സകല പ്രതീക്ഷകളും പ്രത്യാശകളും തച്ചുടഞ്ഞ ആ രാത്രി ..... ആ നിമിഷം ..... ഹോ എന്തൊരു അനർഘ നിമിഷമായിരുന്നു അത് .എല്ലാം മറക്കാൻ ശ്രമിച്ചിട്ടും ഓർമ്മകൾ അയാളുടെ പിന്നാലെ നടന്നു നിഴൽ പോലെ .ഇത്രയും കാലം ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിച്ചത് ആർക്കുവേണ്ടിയോ അയാൾ തന്നിൽനിന്നു ഞെട്ടറ്റു പോയ ദിനം ...തന്റെ ജീവിതത്തിലെ ഒരിക്കലും മായാത്ത ദിനം .അയാൾ പിറകിലേക്കൊന്ന് നോക്കി ഇത്രയും നാൾ താൻ ജീവിച്ചതാർക്കുവേണ്ടി ?എന്തിനു വേണ്ടി ?എല്ലാം ശൂന്യമായിത്തീർന്ന നിമിഷം .....അയാൾ ചിന്താമഗ്നനായി .മുറ്റത്തെ മരക്കൊമ്പിൽ ആടുന്ന ചകോരങ്ങളുടെ കരച്ചിലും ,ഉണർത്തുപാട്ടും കേട്ടുകൊണ്ടാണ് അയാൾ ഇരുട്ടിന്റെ തടവറയിൽനിന്നും എഴുന്നേറ്റത് .ഇന്നലത്തെ കോരിച്ചൊരിയുന്ന മഴയിൽ പുതിയൊരു ഉണർവ് കിട്ടിയ പച്ചിലകൾ .അവ അയാളെത്തന്നെ ഉറ്റുനോക്കിക്കോണ്ടിരുന്നു .ആ തളിർത്ത തരുക്കളെ തഴുകികൊണ്ട് ഇളം മാരുതൻ അവിടെ പാഞ്ഞുനടന്നിരുന്നു പുതിയ ഉണർവിന്റെ ആർദ്രതയിൽ നിന്നിരുന്ന പച്ചിലകൾക്കിടയിലൂടെ സ്വർണ്ണവർണം പൂശിയ സൂര്യൻ എത്തിനോക്കിയിരുന്നു .ജീവിതത്തിനു പുത്തൻ ഉണർവുകളും പ്രതീക്ഷകളും പുൽകുന്ന ഈ കാഴ്ചകൾ അയാളുൽ ആവേശം ഉണർത്തി .ജീവിതത്തിൽ തൻ ഏതുനിമിഷവും ഒറ്റപെട്ടുപോയേക്കാം .ആ ഒറ്റപ്പെടൽ അനുഭവിക്കുന്നതിനുമുന്പ് തന്നെ തന്റെ ജീവനായ മകളുടെ ആഗ്രഹങ്ങൾ തനിക്കു പൂർത്തിയാക്കണം .

മകളെ ഒരുനോക്കുപോലും കാണാൻ കഴിയാതെ ഇവിടെ നിന്നും മറ്റൊരു ലോകത്തേക്ക് യാത്രയാകേണ്ടിവന്ന നിര്ഭാഗ്യവതിയായ 'അമ്മ .അമ്മയുടെ ചൂട് ഒരു തവണ പോലും ലഭിക്കാതെ പോയ ഇളം മനസ്സ് .എന്നാൽ ഒരച്ഛന്റെ സ്ഥാനം ആയിരുന്നിട്ടും അമ്മയുടെ കർത്തവ്യങ്ങളും നിർവഹിച്ച ദ്വിജന്മസിദ്ധനായ പുരുഷൻ ,അയാളുടെ സർവപ്രതീക്ഷകളുമായിരുന്നു മകൾ .വിഷുവും ,തിരുവോണവും ,വന്നു .മാനം കറുത്തു ഇരുണ്ടു വെളുത്തു കാലത്തിനൊപ്പം അവളും വളർന്നു. അച്ഛന്റെ പ്രതീക്ഷകൾ നിറവേറ്റി .മകൾക് എന്തിനും ഏതിനും നിലയ്ക്കാത്ത ശക്തിയായി അയാൾ നിലകൊണ്ടു.കാലം കടന്നുപോയി .അവളുടെ സ്വഭാവത്തിന് വന്ന മാറ്റങ്ങൾ ശ്രദ്ധിക്കപ്പെടുന്നത് തന്നെയായിരുന്നു .പണ്ട് അയാളോടൊപ്പം സമയം ചിലവഴിക്കിചിരുന്നവൾ സന്തോഷിച്ചിരുന്നവൾ ഇന്ന് അയാളെ നോക്കാറുപോലുമില്ല.ബാല്യകാലത്തിൽ അയാളുടെ കൈയിലൂന്നി നടന്നവൾ ഇന്ന് അയാൾക്കു

ഊന്നുവടി ആവുന്നില്ല മുന്നിലെ ചാരുകസേരയിലിരുന്നു അയാൾ സ്വയം മനസ്സിൽ കരുതി .തനിക്കു വാർദ്ധക്യത്തിന്റെ ലക്ഷണങ്ങളെടുത്തതിനാലാവാം തന്റെ എല്ലാമെല്ലാമായ മകൾ തന്നെ അവഗണിക്കുന്നതു .മുറ്റത്തു കോരിച്ചൊരിയുന്ന മഴ .മഴയുടെ നേർത്ത  തുള്ളികൾ താഴേക്കു വന്നു പതിക്കുമ്പോഴുണ്ടാകുന്ന മണിനാദം അയാളെ തെല്ലൊന്നു ആവേശഭരിതനാക്കി .

അതാ അവളുടെ കയ്യിൽ ഏതോ ഒരു പുതിയ സാധനം .അവളതിൽ എന്തൊക്കെയോ ചെയ്യുന്നു .ആരാണ് ഇത് അവൾക്കു സമ്മാനിച്ചത് എന്ന് അവളോട് ചോദിക്കാൻ പോലും അയാൾക്കു കഴിയുന്നില്ല .അത്രമേൽ അകന്നിരുന്നു അവർ തമ്മിലുള്ള ബന്ധം .എത്രത്തോളം അടുത്തിരുന്നവർ ആയിരുന്നു ,പെട്ടന്ന് ഏതോ ഒരു ശക്തി അവരുടെ ആത്മബന്ധത്തെ മുറിച്ചുകളയുന്നു ,കളഞ്ഞിരിക്കുന്നു ദിനങ്ങൾ കൊഴിയുംതോറും പാലത്തിന്റെ ദൃഢത കുറഞ്ഞു വന്നു .അത് ബലഹീനമാകാൻ തുടങ്ങി .പുറത്തു മഴ തകർത്തു പെയ്യുകയാണ് മഴയുടെ സംഗീതം അയാളെ ആവേശഭരിതനാക്കി .മഴയുടെ തുള്ളികൾ അയാളുടെ ഓടുപാകിയ വീടിനുചുറ്റും അലങ്കാരമണികൾ ചാർത്തി .അയാൾ നിശ്ശബ്ദനായിരുന്നു .മഴയുടെ കുളിർമ അയാളെ വീണ്ടും  ഉറക്കത്തിലേക്കെത്തിച്ചു .നിദ്രയുടെ മാലാഖമാർ അയാളെക്കൂട്ടികൊണ്ടുപോയി സമയം ഏറെയായി മഴയുടെ നേർത്ത ശബ്ദം അയാളെ ഉറക്കത്തിൽനിന്നും ഉണർത്തി .അയാൾ എഴുന്നേറ്റു ജനാലക്കു പുറത്തെ മഞ്ഞുമൂടിയ കാഴ്ച അയാളിൽ കൗതുകമുണർത്തി ആസ്വദിച്ചുനിന്ന അയാൾ പെട്ടന്ന് തന്റെ മകളെ വിളിച്ചുണർത്താനായി അവളുടെ മുറിയിലേക്കെത്തി .ഒരുപാടു സമയം നീണ്ടുനിന്ന മുട്ടലിനും വിളിക്കും ആരും മറുപടി നൽകിയില്ല .അയാളുടെ ഹൃദയങ്ങൾ ശൂന്യമായി .ഹൃദയത്തിന്റെ താളം നിന്നപോലെ അയാൾക്കു തോന്നി .ഒടുവിൽ അയാളത് കണ്ടു .അവളുടെ മേശക്കു മുകളിൽ ഒരു കത്ത് വിങ്ങുന്ന ഹൃദയത്തോടെ അയാൾ അത് വായിക്കുമ്പോൾ പുറത്തു മഴ കനത്തു പെയ്യുന്നുണ്ടായിരുന്നു .

സമയസമയം ഏറെയായി .ആ വീടിനു ചുറ്റും ആളുകൾ .അതാ മൂത്തുമ്മി തന്റെ അയൽക്കാരി .അപ്പോഴേക്കും അയാൾ അവിടെ നിന്നവരോട് യാത്ര പറഞ്ഞിറങ്ങി .മഴ കനത്തുപെയ്തുതുടങ്ങി എന്നാൽ അത് അയാളെ ആഹ്ലാദചിത്തനാക്കിയില്ല .അന്നത്തെ അവസാനത്തെ തീവണ്ടിയിൽ കയറി അയാൾ യാത്രയായി .എവിടേക്കാണെന്നറിയാതെ .കാലത്തിന്റെ കരാളമായ പാതകൾ താണ്ടി ഒരുപക്ഷേ അയാൾ തന്റെ പ്രാണനെ കണ്ടെത്തിയേക്കാം ...അറിയില്ല ആർക്കും

ഫാത്തിമത്സുഹ്റാ(IX C )



# MULTI PURPOSE CLEANER

The machine was used  for cleaning .There was several arrangements on it. A vaccum cleaner for remove dust ,a rotating mob for clean the floor,a water sprouter and a hot air giving fan to dry the floor.There are two systems to generate this machine. A button and a voice dector system. When the button was destroyed we can use the voice dector system . A remote was used to control this machine . When we ON the machine a green light blink and the machine gets generates. We can change this cleaner using a comfortable charger. When the cleaner clean the floor. We can get this information through the blinking of red light. A special feature that, we can clean every corners, edge even stairs. In this modern generation. This cleaner was usefull to us

NEERAJ K (VIII E)



## PRA(Plastic Removal apparatus from water resources)

**There are many man-killing thing in this world and one of them is plastic.As a result we use plastic at every time in our life and dump them in water resources like lake,pond,river etc.But there is still one problem what is the solution .After many thinking I have came up with an idea called PRA.This thing is cylindrical in shape and has a hole in its centre Its width is 40cm and 20 cm thickness. The weightless machine contain two chambers inside and at the end of the chamber there is a small mesh and a vacuum.**

**This machine is fully remote control. When we pot this machine in water it in takes water from vacuum .Thus attracts the floating plastics towards it and store the plastics in the chambers and the water go at from the mesh. When the machine stored its maximum capacity plstic it alerts us with a red light and sound**

**ARYAN GOTKHAR**

**IX D**



# നാല്

## മൂന്നുകൾ

3 3 3 3



ഒന്നിലധികം തരത്തിൽ ഇങ്ങനെ പ്രതിനിധികരിക്കാവുന്നതാണ് ,ഇപ്രകാരമാണ്

**1 =33/33**
**2 =3/3 +3/3**
**3 =3+3+3/3**
**4 =3*3+3/3**
**5 =3+3/3+3**
**6=(3+3)x 2/3**
**7 =(3+3)+3/3**
**8 =(3*3)_3/3**
**9=(3*3)+3_3**
**10 =(3*3 )+3/3**

ദിയ ബാബു

# EMERGENCY LAMP FROM LED TUBE

## PREPARATION OF THE LED

**Remove the cap from the one part of the damage LED tube.Take the led stripe from Inside of the damage tube. There we get a LED strip which is from the adapter get as 100v.Instead of this strip use another strip which is more than one meter lengthand paste it on the top of the LED tube, get inside of the damage tube.After that take a 9v battery and clip this place the switch folder in the central part of the red wire in the battery clip. Then folder the end of the red wire on the positive part of the LED strip and black part on the negative part . place the strip inside of the tube and place switch and battery on the tube .close the cap of the tube and switch on .**

SREE SABARI

VI B



## KATHAKALI – KERALA FINE ART

**‘ Kerala is known as the ‘Gods own country’ Kerala is a small state. The state is famous in many respect. The state has developed many arts one of them is kathakali it is the beginning it was acted places of the kings and temples being a very difficult art learning and action could not be easy further only knowing the rules of art, the audience could appreciate it. Hence it was not much popular among the common people. it depends on gesture. The song were singing sansscrits was another difficult**

**Vallathol the famous poet brought anew outlook to the fine art, the popularised it through out the country and even outside India. He started an institute at cherothuruthi in train actors. now the place known as vallathol nagar. New songs are being sung in Malayalam. So even the common people have being to take interest in kathakali still it wants further encoraging steps**

HARIPRIYA. G
XD



## Funny multiplication

**1 * 1=2**
**11*11=121**
**111*111=12321**
**1111*1111=123454321**



**12*9+3=111**

**123*9+4=1111**

**1234*9+5=11111**

**12345*9+6= 1111111**

**123456*9+7= 11111111**

**Saidali**

**XD**

4. What is history teacher’ favourite fruit ?

Ans: Dates

5. What has a nick but no head?

Ans: Bottle

6. What can go up and come down without moving?

Ans: Temperature

7. You answer me, all thought I never ask you question,what am I?

Ans: A telephone

8. What falls but never gets hurts?

Ans: Rain

9. Where does Friday come before Thursday ?

Ans: The dictionary

10. What begin with ‘T’ ends with ‘T’ and has ‘T’ in it?

Ans: Tea Pot

11. What has three hands but only one face?

Ans: Clock

12. What do you call a bee that lives in America?

Ans: USB

Namitha. P. R
**IX.C**